## പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.196 | 04.02.2013 ന് മറുപടിയ്ക്ക്.

**കഴുതുരുട്ടി-പ്രിയ എസ്റേറ്റ്-അച്ചൻകോവിൽ ക്ഷേത്രംറോഡ് നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കഴുതുരുട്ടി-പ്രിയ എസ്റേറ്റ്-അച്ചൻകോവിൽ ക്ഷേത്രം റോഡിൽ വനമേഖലയിൽ വരുന്ന ഉദ്ദേശം 9 കി.മീ. റോഡ് വാഹനഗതാഗതയോഗ്യമാക്കുവാൻ പദ്ധതി നിലവിലുണ്ടോ; | (എ) അച്ചൻകോവിൽ ഡിവിഷന്റെ അധികാരപരിധിയിൽ വരുന്നതും, മൂന്നുമുക്ക് ജംഗ്ഷൻ മുതൽ പ്രിയ എസ്റ്റേറ്റ് ഭാഗം വരെയുള്ള ഉദ്ദേശം 9 കി.മീ. ദൂരം വരുന്ന ഫോറസ്റ്റ് റോഡ് നിലവിലുണ്ട്. ഇതിൽ തുടക്കത്തിലെ 500 മീ. ഭാഗം വനംവകുപ്പ് ഫണ്ട് ഉപയോഗിച്ച് 2011-12 സാമ്പത്തിക വർഷത്തിൽ മെറ്റലിംഗ് നടത്തിയിട്ടുണ്ട്. കഴുതുരുട്ടി മുതൽ പ്രിയ എസ്റ്റേറ്റ് വരെയുള്ള ഭാഗം റോഡ് കടന്നു പോകുന്നത് സ്വകാര്യ എസ്റ്റേറ്റിൽ കൂടിയാണ്. ഈ ഭാഗം ഗതാഗതയോഗ്യ-മാക്കുന്നതിന് വനം വകുപ്പിന് നടപടി സ്വീകരിക്കുവാൻ കഴിയുകയില്ല. |
| (ബി) ഇല്ലെങ്കിൽ പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത റോഡിന്റെ വനംവകുപ്പ് അധീനതയിലുള്ള ഭാഗം അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യ-മാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ.